പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4916 | 23.03.2018 -ലെ മറുപടിക്ക്

## പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണ ധനസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വിവിധ പദ്ധതികളിലൂടെ പട്ടികജാതിക്കാർക്ക് ലഭ്യമായ ഭവനനിർമ്മാണ ധനസഹായം പരിമിതമായതിനാൽ വീടുകളുടെ പണി പൂർത്തിയാക്കാൻ സാധിക്കാതെ ചെറ്റക്കുടിലിൽ കുടുംബങ്ങൾ നരകയാതന അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 31.03.2016 വരെ അനുവദിച്ച വീടുകളിൽ പൂർത്തീകരിക്കാതെ കിടന്നിരുന്ന 16360 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രത്യേക പാക്കേജ് നടപ്പിലാക്കുകയുണ്ടായി. ഇതുപ്രകാരം ഒരു ഗഡു സംഖ്യ കൂടി അധികമായി നൽകുകയുണ്ടായി. ഇതിനു പുറമേ ഇത്തരത്തിലുള്ള വീടുകളുടെ നിർമ്മാണ പൂർത്തീകരണത്തിനായി യൂണിറ്റ് കോസ്റ്റ് 09.02.2018-ലെ സ.ഉ.(കൈ)15/2018/പജപവവിവ ഉത്തരവ് പ്രകാരം നാലു ലക്ഷമായി വർദ്ധിപ്പിച്ച് ആനുപാതികമായ തുക അനുവദിച്ചിട്ടുണ്ട്. അപ്രകാരം spill over വീടുകളിൽ 6308 വീടുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞു. 3 മാസത്തിനകം ബാക്കിയുള്ള വീടുകളുടെ 60% പൂർത്തീകരിക്കുന്നതാണ്. |
| (ബി) | മുൻപ് ധനസഹായം ലഭിച്ചെന്ന പേരിൽ പുതിയ പദ്ധതികളിൽ നിന്നും പ്രസ്തുത കുടുംബങ്ങളെ ഒഴിവാക്കുന്നുണ്ടോ; | (ബി) | മുൻപ് ധനസഹായം അനുവദിക്കുകയും എന്നാൽ പണി പൂർത്തിയാക്കാതെ വരികയും ചെയ്ത വീടുകൾക്ക് മുകളിൽ പറഞ്ഞ പ്രകാരം സഹായം അനുവദിക്കുന്നുണ്ട്. എന്നാൽ പണി ആരംഭിക്കാത്തവരെ പുതിയ ലിസ്റ്റിൽ പരിഗണിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ലൈഫ് പദ്ധതി പ്രകാരം മുൻപ് നൽകിയ തുകയുടെ ബാക്കി തുകയാണോ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് നൽകുന്നത്; സാധന സാമഗ്രികളുടെ വില ഉയർന്നതിനാൽ അനുവദിക്കുന്ന തുക കൊണ്ട് പണി പൂർത്തിയാക്കുവാൻ സാധിക്കുമോ; ഇല്ലെങ്കിൽ ഇത്തരം ഭവനങ്ങൾ പൂർത്തിയാക്കുന്നതിന് നിലവിലെ സാഹചര്യത്തിന് അനുസൃതമായ തുക അനുവദിക്കുമോ? | (സി) | നിലവിൽ വകുപ്പ് മുഖേനയുള്ള പദ്ധതി പ്രകാരം ഭവന നിർമ്മാണ ധനസഹായ തുക 15%, 30%, 40%, 15% എന്ന നിരക്കിൽ നാല് ഗഡുക്കളായി നൽകി വരുന്നു. നിലവിൽ വിവിധ ഗഡുക്കൾ കൈപ്പറ്റി പണി പൂർത്തിയാകാതെ അവശേഷിക്കുന്നവർക്ക് തുടർന്നുള്ള ഗഡുക്കൾ 4 ലക്ഷം രൂപയ്ക്ക് ആനുപാതിക ഗഡുക്കളായി നൽകുന്നു. നിശ്ചിത ഘട്ടം പണി പൂർത്തീകരിക്കുന്നതിനായി തുടർന്നു നൽകേണ്ട ഗഡുവിന്റെ 50% വരെ മുൻകൂറായി നൽകുന്നതിനും ലൈഫ് മിഷൻ പദ്ധതി വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ